'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 4/12/2018-ലെ സ.ഉ.(സാധ)നം.3079/2018/ത.സ്വ.ഭ.വ. ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

**സ.ഉ.(സാധാ) നം.1318/2019/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 28/06/2019

പരാമർശം:- 1 പാർപ്പിടവും നഗരകാര്യവും മന്ത്രാലയത്തിന്റെ 27/09/2018 ലെ N-11012/64/2018-HFA-III- UD (E:9050766) നമ്പർ സാംഗ്ഷൻ ഓർഡറുകൾ (2Nos.).

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30/10/2018 ലെ 10741/എൻ/2016/കെ എസ്.എച്ച്.ഒ. നമ്പർ കത്ത്

3 സ.ഉ.(സാധ)നം.3079/2018/ത.സ്വ.ഭ.വ. തീയതി 04/12/2018

**ഉത്തരവ്**

പരാമർശം (1)-ലെ കേന്ദ്ര പാർപ്പിടവും നഗരകാര്യവും മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം പ്രധാൻ മന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ Scheduled Caste Component ആയി 53,60,50,000/- രൂപയും Scheduled Tribe Component ആയി 3,56,83,000/- ചേർത്ത് ആകെ 57,17,33,000/- രൂപ അനുവദിച്ചിരുന്നു. തുടർന്ന് പ്രസ്തുത കേന്ദ്രവിഹിതം, ആനുപാതിക സംസ്ഥാന വിഹിതം സഹിതം റിലീസ് ചെയ്യുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം(2) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയും ടി കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാന വിഹിതമായ 19,05,77,000/- രൂപയും ചേർത്ത് ആകെ 76,23,10,000/- രൂപ കുടുംബശ്രീക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ 2018-19 സാമ്പത്തിക വർഷം ടി തുക റിലീസ് ചെയ്യുന്നതിനായി 2217-05-789-98, 2217-05-796-98 എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ മതിയായ അലോക്കേഷൻ ഉണ്ടായിരുന്നില്ല.

മേൽ സാഹചര്യത്തിൽ, പരാമർശം(3) സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള ഉചിതമായ പ്രൊപ്പോസൽ എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU. L.
സ്പെഷ്യല് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.06.28 13:07:01 IST
Reason: Approved
സെക്ഷൻ ഓഫീസർ